**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5172 28.10.2016 ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങൾ പുറംതള്ളുന്ന പുക**

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടെയുള്ള സർക്കാർ വാഹനങ്ങൾ പുറംതള്ളുന്ന പുക നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; | (എ) | കെ.എസ്.ആർ.ടി.സി. ബസുകൾക്ക് പെർമിറ്റ് നൽകുമ്പോഴും, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുമ്പോഴും പ്രസ്തുത ബസ്സുകൾക്ക് സാധുവായിട്ടുള്ള പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് പരിശോധിച്ച് പുക മലിനീകരണം നിയന്ത്രിച്ച് നിർത്തുന്നുണ്ട്. കൂടാതെ സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വാഹനങ്ങൾക്ക് ആദ്യത്തെ ഒരു വർഷത്തിനുശേഷം 6 മാസത്തിലൊരിക്കൽ, പുക പരിശോധനാ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | പുക നിയന്ത്രണം ഫലപ്രദമാണെന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; | (ബി) & (സി) | നിയന്ത്രണം ഫലപ്രദമാകുന്നതിന് "സർവർ' അധിഷ്ഠിതമായിട്ടുള്ള കമ്പ്യൂട്ടർവൽകൃത ടെസ്റ്റിംഗിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സർക്കാർ വാഹനങ്ങളുടെ പുക നിയന്ത്രണം ഉറപ്പുവരുത്താൻ കർശന നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**